ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.08.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് വെള്ളി, വെങ്കല മെഡൽ തിളക്കം ; ജാവലിൻ ത്രോയിൽ നീരജ് ചോപ്രയ്ക്ക് വെള്ളി ; ഗോൾകീപ്പർ പി ആർ ശ്രീജേഷിൻറെ വിടവാങ്ങൽ മത്സരത്തിൽ ഹോക്കി ടീമിന് വെങ്കലം.

   **India won silver and bronze medals in Paris Olympics; Neeraj Chopra wins silver in javelin throw; Bronze for hockey team in goalkeeper PR Sreejesh's farewell match.**

2. ത്രിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി ന്യൂസിലൻ്റിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഇന്ത്യൻ സമൂഹവുമായി സംവദിക്കും.

   **President Droupadi Murmu who is on a two day state visit to New Zealand will interact with the Indian diaspora and Friends of India at a community reception in Auckland, today.**

3. വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും ഇന്ന് ജനകീയ തിരച്ചിൽ ; കേന്ദ്രസംഘം ഇന്നെത്തും. പ്രധാനമന്ത്രിയുടെ സന്ദർശനം നാളെ.

   **Mass search today in disaster-hit Mundakai and Churalmala in Wayanad; The central team will arrive today. Prime Minister Narendra Modi set to visit landslide-affected sites tomorrow.**

4. രാജ്യത്തെ എല്ലാ വീടുകളിലും ദേശീയ പതാക ഉയർത്തുന്ന ഹർ ഘർ തിരംഗ പരിപാടിക്ക് ഇന്ന് തുടക്കമാകും.

   **The Har Ghar Tiranga campaign will be celebrated across the country from 9th to 15th August to bolster a sense of patriotism within citizens.**

5. ധനകാര്യ , ധനവിനിയോഗ ബില്ലുകൾ പാർലമെൻറ് പാസാക്കി.

Parliament has passed Finance Bill, 2024, Appropriation Bill, 2024

6. ബംഗ്ലാദേശിൽ ഇടക്കാല ഭരണാധികാരിയായി നൊബേൽ ജേതാവ് മുഹമ്മദ് യൂനുസ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

Nobel laureate Muhammad Yunus was sworn-in as the head of Bangladesh's interim government.

***************************

## OLYMPICS INTRO

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് ആദ്യ വെള്ളി മെഡൽ. പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ നീരജ് ചോപ്ര 89.45 മീറ്റർ എറിഞ്ഞ് വെള്ളി മെഡൽ നേടി. പുരുഷ ഹോക്കിയിൽ വാശിയേറിയ പോരാട്ടത്തിൽ സ്പെയിനിനെ പരാജയപ്പെടുത്തി ഇന്ത്യൻ സംഘം വെങ്കല മെഡൽ സ്വന്തമാക്കി. ഹോക്കിയിൽ ഇന്ത്യയ്ക്ക് ലഭിക്കുന്ന നാലാമത്തെ ഓളിമ്പിക്സ് വെങ്കലമെഡലാണിത്. അന്താരാഷ്ട്ര മത്സരങ്ങളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ ഹോക്കി ടീം ഗോളിയും മലയാളിയുമായ പി ആർ ശ്രീജേഷിൻറെ അവസാനമത്സരമായിരുന്നു ഇന്നലെ നടന്നത്.

**വിശദാംശങ്ങളുമായി ആകാശവാണിക്ക് വേണ്ടി പാരീസിൽ നിന്നും വി.ശിവകുമാർ....**

**(VOICE)**

***************************

## OLYMPICS - CONGRATULATIONS

പാരീസ് ഒളിമ്പിക്സിൽ വെള്ളി മെഡൽ നേടിയ നീരജ് ചോപ്രയെയും വെങ്കല മെഡൽ നേടിയ ഹോക്കി ടീമിനെയും രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ അഭിനന്ദിച്ചു.

***************************

## OLYMPICS - REWARD

ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയതിന് പുരുഷ ഹോക്കി ടീമിലെ ഓരോ കളിക്കാരനും 15 ലക്ഷം രൂപയും സപ്പോർട്ട് സ്റ്റാഫിലെ ഓരോ അംഗത്തിനും ഏഴര ലക്ഷം രൂപയും പാരിതോഷികം നല്കുമെന്ന് ഹോക്കി ഇന്ത്യ പ്രഖ്യാപിച്ചു.

****************************

## OLYMPICS TODAY

ഒളിമ്പിക്സിൽ ഇന്നും ഇന്ത്യക്ക് മെഡൽ പോരാട്ടം. പുരുഷന്മാരുടെ 57 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വെങ്കല മെഡലിനായി അമൻ സെഹ്‌രാവത്ത് ഇന്നിറങ്ങും. അത്ലറ്റിക്സിൽ 4 x 4 മീറ്റർ റിലേയിൽ ഇന്ത്യയുടെ പുരുഷ വനിതാ ടീമുകൾ ഇന്ന് മാറ്റുരക്കും. ഗോൾഫിലും ഇന്ന് ഇന്ത്യൻ താരങ്ങൾ മത്സരിക്കുന്നുണ്ട്.

****************************

## PREZ-NEW ZEALAND

ത്രിരാഷ്ട്ര പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഓക്ലൻഡിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കും. ഇന്നലെ ന്യൂസിലൻഡ് ഗവർണർ ജനറൽ ഡെയിം സിണ്ടി കിറോ സംഘടിപ്പിച്ച ഔദ്യോഗിക വിരുന്നിൽ രാഷ്ട്രപതി പങ്കെടുത്തു. ഓക്ക്‌ലൻഡിൽ ഇന്ത്യൻ കോൺസുലേറ്റ് തുറക്കുമെന്ന് ശ്രീമതി മുർമു പ്രഖ്യാപിച്ചു. ഫിജി സന്ദർശനത്തിന് ശേഷമാണ് ശ്രീമതി മുർമു ന്യൂസിലൻഡിലെത്തിയത്. നാളെ തെക്കു കിഴക്കനേഷ്യൻ രാജ്യമായ തിമോർ - ലെസ്റ്റെ രാഷ്ട്രപതി സന്ദർശിക്കും.

****************************

## WAYANAD - PM

വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ സന്ദർശിക്കും. കണ്ണൂർ വിമാനത്താവളത്തിലെത്തുന്ന പ്രധാനമന്ത്രി ഉച്ചയോടെ

ഹെലികോപ്റ്ററിൽ കൽപ്പറ്റയിലെത്തും. ദുരന്ത മേഖല സന്ദർശിക്കാൻ കേന്ദ്ര സംഘം ഇന്ന് വയനാട്ടിലെത്തും. കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി രാജീവ് കുമാറിൻറെ നേതൃത്വത്തിലുള്ള സംഘമാണ് സന്ദർശിക്കുന്നത്. പ്രധാനമന്ത്രിയുടെ സന്ദർശനത്തിൽ അനുകൂല നടപടി പ്രതീക്ഷിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

****************************

## WAYANAD - UPDATE

ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈയിലും ചൂരൽമലയിലും ഇന്ന് ജനകീയ തിരച്ചിൽ. ഇതിനകം സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ചുള്ള തിരച്ചിൽ നടത്തിയെങ്കിലും ബന്ധുക്കളിൽനിന്ന് ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് ഇനിയും ആരെയെങ്കിലും കണ്ടെത്താനാകുമോ എന്ന അവസാനവട്ട പരിശ്രമമാണിത്. പകൽ പതിനൊന്ന് മണിവരെയാണ് തിരച്ചിൽ.

****************************

## ONAM CELEBRATIONS-CANCELED

മുണ്ടക്കൈ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ഓണാഘോഷ പരിപാടികളും ചാമ്പ്യൻസ് ബോട്ട് ലീഗും സംസ്ഥാന സർക്കാർ ഒഴിവാക്കി.

****************************

## HAR GHAR TIRANGA

പൗരരിൽ ദേശസ്നേഹം വളർത്തുന്നതിനായുള്ള ഹർ ഘർ തിരംഗ പരിപാടിക്ക് രാജ്യത്ത് ഇന്ന് തുടക്കമാകും. സ്വാതന്ത്ര്യദിനമായ ഓഗസ്റ്റ് 15 വരെയാണ് രാജ്യത്തുടനീളം പരിപാടി സംഘടിപ്പിക്കുക. ഇതിന്റെ ഭാഗമായി, വീടുകളിൽ ദേശീയപതാക ഉയർത്തി തിരംഗയ്ക്കൊപ്പം സെൽഫി എടുത്ത് ഹർ ഘർ തിരംഗ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യാൻ കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് ജനങ്ങളോട് അഭ്യർത്ഥിച്ചു.

**************************

## BENGLADESH

ബംഗ്ലാദേശിന്റെ ഇടക്കാല ഭരണാധികാരിയായി നൊബേൽ ജേതാവ് മുഹമ്മദ് യൂനുസ് ഇന്നലെ സത്യപ്രതിജ്ഞ ചെയ്തു. പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദിൻ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യ ഉപദേശകൻ എന്നതാണ് യൂനുസിൻറെ പദവി. തിരഞ്ഞെടുപ്പ് നടത്തി പുതിയ സർക്കാരിനെ അധികാരത്തിലെത്തിക്കുക എന്നതാണ് ഇടക്കാല സർക്കാരിൻറെ ചുമതല.

**************************

## PM MODI–BANGLADESH

ബംഗ്ലാദേശിന്റെ ഇടക്കാല ഭരണാധികാരിയായി അധികാരമേറ്റ മുഹമ്മദ് യൂനുസിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസ അറിയിച്ചു. ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങളുടെ സുരക്ഷ ഉറപ്പാക്കപ്പെടുമെന്നും സ്ഥിതിഗതികൾ എത്രയും വേഗം സാധാരണ നിലയിലാകുമെന്നും പ്രതീക്ഷിക്കുന്നതായി പ്രധാനമന്ത്രി, സമൂഹ മാധ്യമത്തിൽ കുറിച്ചു.

**************************

## FINANCE BILL

ധനകാര്യ, ധനവിനിയോഗ ബില്ലുകൾ പാർലമെന്റ് പാസാക്കി. രാജ്യസഭയിൽ ചർച്ചയ്ക്ക് ശേഷം ഇന്നലെ ബില്ലുകൾ പാസാക്കി. ഇരു ബില്ലുകളും ലോക്സഭ നേരത്തെ പാസാക്കിയിരുന്നു. കോവിഡിന് ശേഷം മൂലധനച്ചെലവിൽ കേന്ദ്ര സർക്കാർ പ്രത്യേക ശ്രദ്ധയാണ് നൽകുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ രാജ്യസഭയിൽ ചർച്ചക്ക് മറുപടി നൽകി.

**************************

## LS - WAQF BILL

വഖഫ് (ഭേദഗതി) ബിൽ-2024 സൂക്ഷ്മപരിശോധനയ്ക്കായി സംയുക്ത പാർലമെന്ററി സമതിക്ക് വിട്ടു. നിയമനിർമ്മാണത്തിൽ കൂടുതൽ പരിശോധനയ്ക്ക് സർക്കാർ തയ്യാറാണെന്ന് ബിൽ ഇന്നലെ ലോക്സഭയിൽ അവതരിപ്പിച്ച കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു വ്യക്തമാക്കി.

***************************

## JAISHANKAR-MALDIVES

മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് മാൽദ്വീവ്സിലെത്തും. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ അവസരങ്ങൾ കണ്ടെത്താനാണ് സന്ദർശനം. ഈ വർഷം ജൂണിൽ ഇന്ത്യയിൽ പുതിയ മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ മാൽദ്വീവ്സ് പ്രസിഡന്റ് മുഹമ്മദ് മുയിസു പങ്കെടുത്തിരുന്നു.

***************************

## WORLDS INDIGENOUS PEOPLES- DAY

ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ആചരിക്കുന്ന തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് തിരുവനന്തപുരത്തെ പെരിങ്ങമലയിൽ നടക്കും. ആലുംമൂട് കമ്മ്യൂണിറ്റി സ്റ്റഡി സെൻററിൽ മന്ത്രി ഒ.ആർ കേളു ഉദ്ഘാടനം നിർവഹിക്കും.

***************************

## J AND K-ECI

നിയമസഭാ തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘത്തിന്റെ ദ്വിദിന ജമ്മു കശ്മീർ സന്ദർശനം പുരോഗമിക്കുന്നു. അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി കമ്മീഷൻ ചർച്ച നടത്തി. ഇന്ന് ജമ്മുകശ്മീർ ചീഫ് സെക്രട്ടറി, ഡി.ജി.പി എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

***************************

## RAIN - KERALA

സംസ്ഥാനത്ത് നാളെമുതൽ വീണ്ടും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. നാളെ ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിനു തടസമില്ല. കണ്ണൂർ, കാസർകോട് തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ ആഴ്ച തിരിച്ചുള്ള പ്രവചനപ്രകാരം ഈമാസം 15 വരെ കേരളത്തിൽ സാധാരണയെക്കാൾ കുറവ് മഴയ്ക്കാണ് സാധ്യത.

***************************

## KANYAKUMARI - BAN

കാലാവസ്ഥാ മുന്നറിയിപ്പിനെ തുടർന്ന് കന്യാകുമാരി ജില്ലയിലെ കടൽത്തീരങ്ങളിൽ 11 വരെ സന്ദർശകർക്ക് വിലക്ക് ഏർപ്പെടുത്തി. 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശാൻ സാധ്യത ഉള്ളതിനാൽ കടൽ ക്ഷോഭം ഉണ്ടാകാമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്.

***************************

## ALLOTMENT - PUBLISHED

എൻജിനീയറിംഗ്, ഫാർമസി പ്രവേശനത്തിനായി ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഫീസ് ഈ മാസം 13 ന് മൂന്ന് മണിക്കകം ഓൺലൈൻ പേയ്മെന്റായോ വെബ്സൈറ്റിൽ കൊടുത്ത ഹെഡ് പോസ്റ്റ് ഓഫീസുകൾ മുഖേനയോ ഒടുക്കണം.

****************************

## SABARIMALA

ശബരിമല ക്ഷേത്ര നട മറ്റന്നാൾ വൈകിട്ട് അഞ്ചിന് തുറക്കും. തിങ്കളാഴ്ച നിറപുത്തരി ചടങ്ങ് നടക്കും. ഇതിനായി കൃഷിയിറക്കിയ സ്ഥലങ്ങളിൽ നാളെ കൊയ്ത്തു നടക്കും.

****************************

## K S R T C - ONAM SERVICE

ഓണക്കാല അവധി ദിനങ്ങളോട് അനുബന്ധിച്ച് കെഎസ്ആർടിസി സ്പെഷ്യൽ സർവീസുകളുടെ ഓൺലൈൻ ടിക്കറ്റ് ബുക്കിങ് നാളെ ആരംഭിക്കും. സെപ്റ്റംബർ ഒമ്പതു മുതൽ 23 വരെയാണ് അധിക സർവീസുകൾ.

****************************

## GOYAL-FOOTWEAR FESTIVAL

ലോകത്തെ ഏറ്റവും വലിയ പാദരക്ഷ നിർമ്മാതാക്കളിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യയെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ഈ മേഖലയിൽ ഒന്നാം സ്ഥാനം കൈവരിക്കേണ്ട സമയമാണിതെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ എട്ടാമത് ഇന്ത്യാ ഇന്റർനാഷണൽ ഫുട്വെയർ ഫെയർ 2024-ന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

****************************

## MAN KI BATH–WINNERS

പ്രധാനമന്ത്രിയുടെ ആശയവിനിമയ പരിപാടിയായ മൻ കി ബാത്ത് പരമ്പരയോടനുബന്ധിച്ച് നെഹ്റു യുവ കേന്ദ്ര ഗ്ലോബൽ ഗിവേഴ്സ് ഫൗണ്ടേഷനുമായി സഹകരിച്ചു സംഘടിപ്പിച്ച ക്വിസ് മത്സര വിജയികൾ ഇന്ന് ന്യൂഡൽഹിയിലേക്ക് യാത്ര തിരിക്കും. ഡൽഹിയിലെയും സമീപത്തെയും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും കേന്ദ്ര മന്ത്രിമാരുമായി സംവദിക്കാനുമുള്ള സൗകര്യം ഇവർക്ക് ലഭിക്കും.

****************************************************************************************************